REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 25-04-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. ഉഷ്ണ തരംഗ സാഹചര്യം വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ഉന്നതതല യോഗം പുരോഗമിക്കുന്നു.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് നാളെ.**
- **തൃശൂരിൽ പൂര വിളംബര ചടങ്ങുകൾക്ക് തുടക്കമായി. നാളെയാണ് പൂരം.**
- **ശ്രീനാരായണ ഗുരുദർശന പ്രചാരകനും ശ്രീനാരായണ ഗുരുകുലത്തിലെ അധ്യക്ഷനുമായിരുന്ന ഗുരു മുനി നാരായണ പ്രസാദ് സമാധിയായി.**
- **IPL ട്വന്റി 20 ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. ഉഷ്ണ തരംഗവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ നിലവിലെ സാഹചര്യം വിലയിരുത്തുന്നതിനും, ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച ഉന്നതതല യോഗം പുരോഗമിക്കുന്നു. ഓൺലൈൻ യോഗത്തിൽ ബന്ധപ്പെട്ട മന്ത്രിമാരും ചീഫ്സെക്രട്ടറിയും ദുരന്തനിവാരണ അതോറിറ്റി ഉദ്യോഗസ്ഥരും പങ്കെടുക്കുന്നുണ്ട്.

✪✪✪

ഇന്നും നാളെയും 40 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരുമെന്ന കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പിനെ തുടർന്ന് പാലക്കാട് ജില്ലയിൽ ജാഗ്രത നിർദ്ദേശം നൽകി.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.

............(വോയ്സ്)....................

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് നാളെ. പരിപാടിയുടെ 133-ാം പതിപ്പാണിത്. രാവിലെ 11ന് ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും.

✪✪✪

ആകാശവാണിയുടെ 90 -ാം വാർഷികാഘോഷത്തോടനുബന്ധിച്ച് "ആകാശവാണി @90- ഭാരതത്തിന്റെ നൂതന താളം" എന്ന വിഷയത്തിൽ ആകാശവാണി MyGov യുമായി ചേർന്ന് സിഗ്നേച്ചർ ട്യൂൺ-മേക്കിംഗ് മത്സരം സംഘടിപ്പിക്കുന്നു.

ആകാശവാണിയുടെ തനതു ശൈലി വിളിച്ചോതുന്ന തരത്തിലായിരിക്കണം സിഗ്നേച്ചർ ട്യൂൺ. 20 സെക്കന്റിനും 40 സെക്കന്റിനും ഇടയിലായിരിക്കണം സിഗ്നേച്ചർ ട്യൂണിന്റെ ദൈർഘ്യം. ഉപകരണ സംഗീതം മാത്രമായിരിക്കണം സിഗ്നേച്ചർ ട്യൂണിൽ ഉൾപ്പെടുത്തേണ്ടത്. MP3 യിലോ WAV ലോ ആയിരിക്കണം ഫയലുകൾ അയക്കേണ്ടത്. ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 30000 രൂപ, 20,000 രൂപ, 10,000 രൂപ എന്നിങ്ങനെയാണ് സമ്മാനത്തുക.

✪✪✪

വിദേശകാര്യ മന്ത്രാലയ സെക്രട്ടറി സിബി ജോർജ് ന്യൂയോർക്കിൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭാ പ്രസിഡന്റ് അന്നലീന ബെയർബോക്കുമായി കൂടിക്കാഴ്ച നടത്തി. സമാധാനവും സുരക്ഷയും, വികസനം, ഭീകരതയ്ക്കെതിരായ ആഗോള പോരാട്ടം എന്നിവയുൾപ്പെടെ വിഷയങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്തതായി വിദേശകാര്യ മന്ത്രാലയം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇന്ത്യയും ന്യൂസിലാൻഡും മറ്റന്നാൾ ഒപ്പുവെക്കുന്ന സ്വതന്ത്ര വ്യാപാര കരാറിന് മുന്നോടിയായി, ന്യൂസിലാൻഡിന്റെ വ്യാപാര, നിക്ഷേപ മന്ത്രി ടോഡ് മക്ലേയെ കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ ഇന്ത്യയിലേക്ക് സ്വാഗതം ചെയ്തു. വ്യാപാര തടസ്സങ്ങൾ കുറയ്ക്കുന്നതിനും ഇരു രാജ്യങ്ങളും തമ്മിലെ വാണിജ്യ ഇടപെടൽ ശക്തിപ്പെടുത്തുന്നതിനും കരാർ സഹായിക്കുമെന്നാണ് പ്രതീക്ഷ.

✪✪✪

നിയമസഭാ ദിനമായ ഈ മാസം 27ന് രാവിലെ 10 ന് നിയമസഭാ സമുച്ചയത്തിലെ മഹാരഥൻമാരുടെ പ്രതിമകളിൽ സ്പീക്കർ A.N ഷംസീർ, പുഷ്പാർച്ചന നടത്തും.

ദിനാഘോഷത്തിന്റെ ഭാഗമായി, നാളെ മുതൽ മെയ് മൂന്ന് വരെ രാവിലെ 10.30 മുതൽ രാത്രി 8.00 വരെയും, പൊതു അവധി ദിവസങ്ങളിൽ, ഉച്ചയ്ക്ക് 2.00 മുതൽ രാത്രി 8.00 വരെയും, പൊതുജനങ്ങൾക്ക് നിയമസഭാ മന്ദിരത്തിലും, നിയമസഭാ മ്യൂസിയത്തിലും പ്രവേശനം ഉണ്ടായിരിക്കും. ഈ ദിവസങ്ങളിൽ രാത്രിയിൽ നിയമസഭാ മന്ദിരം ദീപാലംകൃതം ആയിരിക്കും.

✪✪✪

പശ്ചിമ ബംഗാളിൽ രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിന് രാഷ്ട്രീയ കക്ഷികൾ പ്രചാരണം ഊർജിതമാക്കി. കേന്ദ്ര ആഭ്യന്തരമന്ത്രിയും മുതിർന്ന BJP നേതാവുമായ അമിത് ഷാ ജമാൽപൂരിലും ഹൗറയിലെ ശ്യാംപൂരിലും ഇന്ന് റാലികളെ അഭിസംബോധന ചെയ്യും. ലോക്സഭാ പ്രതിപക്ഷ നേതാവും, കോൺഗ്രസ് നേതാവുമായ രാഹുൽ ഗാന്ധി ഹൂഗ്ലിയിൽ റാലികളിൽ പങ്കെടുക്കും. തൃണമൂൽ കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായ മമത ബാനർജിയും പ്രചാരണ രംഗത്ത് സജീവമാണ്. ഈ മാസം 29- നാണ് രണ്ടാം ഘട്ട പോളിംഗ്.

✪✪✪

വ്യാഴാഴ്ച തെരഞ്ഞെടുപ്പ് നടന്ന തമിഴ്നാട്ടിലെ ഒരു പോളിംഗ് സ്റ്റേഷനിലും റീ പോളിംഗ് ഉണ്ടാകില്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. 85.15 ശതമാനമെന്ന റെക്കോർഡ് പോളിംഗാണ് തമിഴ്നാട്ടിൽ ഇപ്രാവശ്യമുണ്ടായത്. തിരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ ബോധവൽക്കരണ കാമ്പെയ്നുകളും, 14 ലക്ഷത്തിലധികം കന്നി വോട്ടർമാരുടെ പങ്കാളിത്തവും റെക്കോർഡ് പോളിംഗ് രേഖപ്പെടുത്താൻ സഹായിച്ചുവെന്നാണ് കമ്മീഷന്റെ വിലയിരുത്തൽ. SIR ന് ശേഷം തമിഴ്നാട്ടിലെ ആദ്യ തെരഞ്ഞെടുപ്പാണിത്.

✪✪✪

കോഴിക്കോട് ജില്ലയിൽ നിയമസഭ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ മൂന്ന് കേന്ദ്രങ്ങളിലായി നടത്തും. ഇതുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ കലക്ടർ സ്നേഹിൽ കുമാർ സിങ്ങിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു.

വടകര, കുറ്റ്യാടി, നാദാപുരം നിയമസഭ മണ്ഡലങ്ങളിലെ വോട്ടെണ്ണൽ മടപ്പള്ളി ഗവ. കോളേജിലും, കൊടുവള്ളി, തിരുവമ്പാടി മണ്ഡലങ്ങളിലേത് കൂടത്തായി സെന്റ് മേരീസ് HSSലും, പേരാമ്പ്ര, കൊയിലാണ്ടി, എലത്തൂർ, കോഴിക്കോട് നോർത്ത്, കോഴിക്കോട് സൗത്ത്, കുന്ദമംഗലം, ബാലുശ്ശേരി, ബേപ്പൂർ മണ്ഡലങ്ങളിലേത് വെള്ളിമാട്കുന്ന് JDT ഇസ്‌ലാം എന്നിവിടങ്ങളിലുമായി നടത്തും.

രാവിലെ ആറ് മണിയോടെ സ്ട്രോങ് റൂമുകൾ തുറക്കും. തപാൽ വോട്ടുകൾ സൂക്ഷിച്ച സ്ട്രോങ് റൂമാണ് ആദ്യം തുറക്കുക. എട്ടു മണിയോടെ പോസ്റ്റൽ ബാലറ്റുകൾ എണ്ണിത്തുടങ്ങും. ഇലക്ട്രോണിക് വോട്ടിങ് മെഷീൻ എണ്ണൽ 8.30നാണ് ആരംഭിക്കുക.

✪✪✪

വോട്ടെണ്ണൽ ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്ന ആദ്യഘട്ട റാൻഡമൈസേഷൻ മറ്റന്നാൾ നടത്തും. രണ്ടാംഘട്ട റാൻഡമൈസേഷൻ മെയ് രണ്ടിനും മൂന്നാംഘട്ടം മെയ് നാലിന് പുലർച്ചെ അഞ്ചിനും നടത്തും. ഇവർക്ക് പരിശീലനം ഏപ്രിൽ 29, 30, മെയ് മൂന്ന് തീയതികളിലായി നടത്തും.

✪✪✪

തൃശൂരിൽ ഇന്ന് പൂര വിളംബരം. നെയ്തലക്കാവിലമ്മയുടെ തിടമ്പുമേന്തി ഗജവീരൻ എറണാകുളം ശിവകുമാർ തെക്കേ ഗോപുരനട തുറന്നതോടെയാണ് ചടങ്ങുകൾക്ക് തുടക്കമായത്. നാളെയാണ് പൂരം .

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്

.....(വോയ്സ്)..............

✪✪✪

ശബരിമല ക്ഷേത്രത്തിനു മുകളിലൂടെ കൊച്ചി കോസ്റ്റ് ഗാർഡിന്റെ ഹെലികോപ്റ്റർ അനുമതി ഇല്ലാതെ പറന്ന സംഭവത്തിൽ പമ്പ പൊലീസ് കേസെടുത്തു. അതീവ സുരക്ഷാ മേഖലയിൽ പൊതു സുരക്ഷയെ ബാധിക്കും വിധം ഹെലികോപ്റ്റർ പറത്തിയതിന് പൈലറ്റിനെതിരെയാണ് കേസ് റജിസ്റ്റർ

ചെയ്തത്. സന്നിധാനത്ത് സുരക്ഷാ ചുമതല വഹിക്കുന്ന പൊലീസ് ഉദ്യോഗസ്ഥന്റെ പരാതിയിലാണ് കേസെടുത്തത്.

✪✪✪

ശ്രീനാരായണ ഗുരുദർശന പ്രചാരകനും ശ്രീനാരായണ ഗുരുകുലത്തിലെ അധ്യക്ഷനുമായിരുന്ന ഗുരു മുനി നാരായണ പ്രസാദ് സമാധിയായി. തിരുവനന്തപുരം വെഞ്ഞാറമൂട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്ന് പുലർച്ചെയായിരുന്നു 87 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

ഇന്ത്യൻ തത്വശാസ്ത്രം, വേദാന്തം തുടങ്ങിയ വിഷയങ്ങളിൽ മലയാളത്തിലും ഇംഗ്ലീഷിലുമായി 130-ലേറെ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി പുരസ്കാര ജേതാവാണ്. 2024-ൽ രാജ്യം അദ്ദേഹത്തെ പത്മശ്രീ നൽകി ആദരിച്ചു.

സമാധി ചടങ്ങുകൾ വൈകിട്ട് വർക്കല ഗുരുകുലത്തിൽ ആരംഭിക്കും.

✪✪✪

മുനി നാരായണ പ്രസാദിന്റെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. ഗുരു സന്ദേശങ്ങളുടെ പ്രചാരണം, ഗുരുവിന്റെ സാഹിത്യകൃതികളുടെ അപഗ്രഥനം, ഹൃദ്യമായ പ്രഭാഷണങ്ങൾ എന്നിവയിലൂടെ ശ്രദ്ധേയനായിരുന്നു അദ്ദേഹമെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു.

✪✪✪

IPL ട്വന്റി 20 ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യ മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ്, പഞ്ചാബ് കിംഗ്സിനെ നേരിടും. ഉച്ച കഴിഞ്ഞു മൂന്നരയ്ക്ക് ഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് പോരാട്ടം.

മറ്റൊരു മത്സരത്തിൽ രാത്രി 7.30ന് ജയ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിൽ രാജസ്ഥാൻ റോയൽസ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ബംഗളുരു FC മുംബൈ FC യെ നേരിടും. വൈകിട്ട് അഞ്ചിന് ബംഗളുരുവിലാണ് മത്സരം.

മറ്റൊരു മത്സരത്തിൽ ചെന്നൈയിൻ FC ജംഷഡ്പൂരുമായി ഏറ്റുമുട്ടും. രാത്രി ഏഴരയ്ക്ക് ജംഷഡ്പൂരിലാണ് മത്സരം.

✪✪✪

വനിതാ ട്വന്റി-20 അഞ്ച് മത്സര ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ഇന്ത്യ ഇന്ന് ആതിഥേയരായ ദക്ഷിണാഫ്രിക്കയെ നേരിടും. ജോഹന്നാസ്ബർഗിൽ ഇന്ത്യൻ സമയം രാത്രി 9.30-നാണ് മത്സരം. പരമ്പരയിൽ ദക്ഷിണാഫ്രിക്ക 3-0 മുന്നിലാണ്.

✪✪✪

BJP സംസ്ഥാന അധ്യക്ഷനായിരുന്ന KG മാരാർ അനുസ്മരണ ദിനത്തോടനുബന്ധിച്ച് കണ്ണൂർ പയ്യാമ്പലത്ത് നടന്ന അനുസ്മരണ പരിപാടി BJP ദേശീയ സമിതി അംഗം C.K പത്മനാഭൻ ഉദ്ഘാടനം ചെയ്തു. K.G മാരാരുടെ സ്മൃതി കൂടിരത്തിൽ രാവിലെ പുഷ്പാർച്ചന നടത്തി. BJP നോർത്ത് ജില്ലാ പ്രസിഡണ്ട് K.K വിനോദ് കുമാർ ഉൾപ്പെടെ പങ്കെടുത്തു.

✪✪✪

മോട്ടോർ വാഹന നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട പിഴ തുകകൾ പകുതി അടച്ച് തീർപ്പാക്കാൻ പൊതുജനങ്ങൾക്ക് അവസരം. ഗവൺമെന്റിന്റെ 'അമ്നസ്റ്റി സ്കീം 2026' ഈ മാസം 30-ന് അവസാനിക്കുന്ന സാഹചര്യത്തിൽ, കുടിശ്ശികയുള്ള ചെലാനുകൾ തീർപ്പാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് പ്രത്യേക ഇ-ചെലാൻ അദാലത്ത് സംഘടിപ്പിക്കും. മറ്റന്നാൾ മുതൽ ഈ മാസം 30 വരെ കാക്കനാട് സിവിൽ സ്റ്റേഷനിലെ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലാണ് അദാലത്ത്.

അദാലത്തിന് നേരിട്ട് എത്താൻ സാധിക്കാത്തവർക്ക് മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ് പോർട്ടൽ സന്ദർശിച്ച് ഇളവുകളോടെ പിഴയടച്ച് കേസുകൾ തീർപ്പാക്കാവുന്നതാ ണെന്ന് എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന കരിപ്പൂർ എംബാർക്കേഷൻ പോയിന്റ് വഴി ഈവർഷം ഹജ്ജിന് പോകുന്ന തീർഥാടകരുടെ യാത്രാ സൗകര്യങ്ങളും മുന്നൊരുക്കങ്ങളും മലപ്പുറം ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ ചേർന്ന യോഗം വിലയിരുത്തി. കരിപ്പൂർ വിമാനത്താവളത്തിൽനിന്ന് ആദ്യവിമാനം മെയ് 14-ന് പുലർച്ചെ 12.20-ന് പുറപ്പെടും. മെയ് 17-നാണ് ഇവിടെ നിന്നുള്ള അവസാന വിമാനം ഷെഡ്യൂൾ ചെയ്തിരിക്കുന്നത്.

ഹജ്ജ് ഹൗസിൽ വിശ്രമം, ഭക്ഷണം, ആരോഗ്യം, പ്രാർഥന തുടങ്ങിയ സൗകര്യങ്ങൾ കാര്യക്ഷമമായി ഉറപ്പുവരുത്താൻ കലക്ടർ വിവിധ വകുപ്പുകൾക്ക് നിർദേശം നൽകി.

✪✪✪

2027 ലെ സെൻസസിന്റെ ഒരുക്കങ്ങൾ മലപ്പുറം ജില്ലയിൽ ഊർജിതമായി. ജില്ല, താലൂക്ക്തല ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടി ഇന്ന് സമാപിക്കും. രാജ്യത്ത് ആദ്യമായി ഡിജിറ്റലായാണ് സെൻസസ് നടത്തുന്നത്. ഏകോപനത്തിനായി സെൻസസ് മാനേജ്മെന്റ് ആൻഡ് മോണിറ്ററിങ് സിസ്റ്റം എന്ന വെബ്പോർട്ടൽ, HLO മൊബൈൽ ആപ്ലിക്കേഷൻ, ഡിജിറ്റൽ മാപ്പിങ് ആപ്ലിക്കേഷനായ HLBC ആപ്, പൊതുജനങ്ങൾക്ക് സ്വയം വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ പോർട്ടൽ എന്നിങ്ങനെ നാല് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളാണ് സജ്ജമാക്കിയത്.

✪✪✪

---

*News Editor: പി ചന്ദ്രബാബു*
*News Reader: നിമിഷ ജി*
*News Team: മണികണ്ഠൻ, അനഘ*
*DEO : ഷീബ*